**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല - വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് വക സ്ഥലം കൺസ്യൂമർഫെഡിന് വിട്ടു നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ (സാധാ)നം.682/2013/തസ്വഭവ** **തീയതി, തിരുവനന്തപുരം 19-3-2013**

പരാമർശം: 1) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 19/6/2012 ലെ 8-ാം നമ്പർ തീരുമാനം

2) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3/7/2012 ലെ എ2 14442/12 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 7/11/2012 ലെ സി2 23745/12 നമ്പർ കത്ത്

**ഉത്തരവ്**

വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരട്ടക്കുളങ്ങരയിലെ നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വടക്കാഞ്ചേരി വില്ലേജ് സർവ്വേ 1705/4-ൽപ്പെട്ട ഒരേക്കർ സ്ഥലം ഫുഡ് പ്രൊസസിംഗ് യൂണിറ്റ് തുടങ്ങുന്നതിന് കൺസ്യൂമർ ഫെഡിന് വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് പ്രസ്തുത സ്ഥലം ഒരു നിശ്ചിത കാലത്തേക്ക് വാടകയ്ക്കോ പാട്ടത്തിനോ കൺസ്യൂമർ ഫെഡിന് നൽകുന്നതായിരിക്കും അഭികാമ്യമെന്ന് പരാമർശം(3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഇരട്ടക്കുളങ്ങരയിലെ നെല്ലിക്കുന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വടക്കാഞ്ചേരി വില്ലേജ് സർവ്വേ 1705/4 ൽപ്പെട്ട ഒരേക്കർ സ്ഥലം, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമ പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട്, ഫുഡ് പ്രൊസസിംഗ് യൂണിറ്റ് തുടങ്ങുന്നതിന് കൺസ്യൂമർ ഫെഡിന് നിശ്ചിത് കാലത്തേക്ക് വാടകയ്ക്കോ, പാട്ടത്തിനോ നല്കുന്നതിന് വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ആർ.സുരേശൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ 680 582
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്,ഗാന്ധിനഗർ,കൊച്ചി 20
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ.**